**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 156** **06-07-2022 - ൽ മറുപടിയ്ക്ക്**

**കൈക്കൂലിയും അഴിമതിയും ഇല്ലാതാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ . പി . ഉബൈദുള്ള ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സേവനാവകാശ നിയമം നിലവിലുണ്ടെങ്കിലും അർഹതപ്പെട്ട സേവനം ലഭിക്കുന്നതിന് പൊതുജനങ്ങൾ പലപ്പോഴും കൈക്കൂലി കൊടുക്കേണ്ടി വരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിനും അഴിമതി കുറയ്ക്കുന്നതിനുമായി സംസ്ഥാനത്ത് സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ട്. പ്രധാനപ്പെട്ട എല്ലാ വകുപ്പുകളിലെയും സേവനങ്ങൾ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. അതേ സമയം സർക്കാർ സേവനം ലഭ്യമാക്കുന്നതിനായി പൊതുജനങ്ങളിൽ നിന്നും കൈക്കൂലി ആവശ്യപ്പെടുന്നത് സംബന്ധിച്ച് പരാതികൾ ലഭ്യമായാൽ അവയുടെ സ്വഭാവമനുസരിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രഹസ്യാന്വേഷണം/ സത്വരാന്വേഷണം/ പ്രാഥമികാന്വേഷണം/ മിന്നൽ പരിശോധന/ട്രാപ്പുകൾ എന്നിവ നടത്തുകയും, തെളിവുകളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വകുപ്പുതല നടപടികളും സ്വീകരിക്കുന്നുണ്ട്. പൊതുരംഗത്തെ അഴിമതിയോട് സർക്കാരിന് പൂർണ്ണ അക്ഷമ പുലർത്തുന്ന സമീപനമാണുള്ളത് (zero tolerance). |
| (ബി) | കൈക്കൂലി വാങ്ങുന്നത് തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ ഫലപ്രദമല്ലെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. അഴിമതിയും കൈക്കൂലിയും തടയുന്നതിന് വകുപ്പുകളിലെ ആഭ്യന്തര വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ആഭ്യന്തര വിജിലൻസ് സംവിധാനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അഴിമതിയെ പ്രതിരോധിക്കുന്നതിനാവശ്യമായ പരിശീലനം കാലാകാലങ്ങളിൽ നൽകിവരുന്നു. കുറ്റാരോപിതർക്കെതിരെയുള്ള പ്രോസിക്യൂഷൻ നടപടികൾ വേഗത്തിലാക്കുന്നതിനും, |

| | | | |
|---|---|---|---|
| | | | കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കൈക്കൂലിയും അഴിമതിയും പൂർണ്ണമായി ഇല്ലാതാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | ഇന്ത്യയിൽ അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്. എന്നാൽ എല്ലാ തലത്തിലുമുള്ള അഴിമതികളും ഇല്ലാതാക്കുന്നതിന് വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അഴിമതിരഹിത ഭരണസംവിധാനം കൊണ്ടുവരുന്നതിനായി സർക്കാർ സേവനങ്ങൾ മുഴുവൻ ഓൺലൈനിലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. അഴിമതി ഇല്ലാതാക്കുന്നതിനായി സർക്കാർ സേവനങ്ങൾ ഓൺലൈനിലൂടെ ലഭ്യമാക്കാനും നടപടിക്രമങ്ങൾ ലഘൂകരിക്കാൻ പല സർട്ടിഫിക്കറ്റുകൾ ഒഴിവാക്കാനും നടപടിയായിട്ടുണ്ട്. സേവനങ്ങൾ മൊബൈൽ ആപ്പ് വഴി ലഭ്യമാക്കുന്ന എം-സേവന പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. സേവനങ്ങൾക്കായി പൊതുജനങ്ങൾ സർക്കാർ ഓഫീസുകൾ കയറിയിറങ്ങുന്ന അവസ്ഥ ഒഴിവാക്കാൻ നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളുടേയും പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ഇ-ഓഫീസ് സംവിധാനം നടപ്പാക്കിവരികയാണ്. ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ മുൻനിർത്തി ചട്ടപരിഷ്കരണത്തിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br><br>അഴിമതി രഹിത സദ്ഭരണം ഉറപ്പുവരുത്തുന്നതിനായി നാലാം ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കി വരികയാണ്. അഴിമതി ഇല്ലാതാക്കുന്നതിന് നിയമങ്ങൾ ലഘൂകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ